## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.630 — 11/06/2013 ൽ മറുപടിയ്ക്ക്

## നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.തിലോത്തമൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | മണൽ, ചരൽ, ഗ്രാവൽ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ഈ വക സാധനങ്ങളുടെ ട്രാൻസ്പോർട്ടിങ്ങിലുള്ള നിയന്ത്രണവും നിർമ്മാണ മേഖലയെയും വ്യവസായ മേഖലയെയും സാരമായി ബാധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷർ യൂണിറ്റുകൾക്ക് മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിയമാനുസൃതമായ പെർമിറ്റും പാസ്സും അനുവദിക്കുന്നുണ്ട്. ടി പാസ്സുകൾ ഉപയോഗിച്ച് എം.സാൻറ്, മെറ്റൽ, ചിപ്സ് എന്നിവ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. മണൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നിയമാനുസൃതമുള്ള മണൽ സ്റ്റോക്ക ചെയ്ത് വിപണനം നടത്തുന്നതിനായി ഡീലേഴ്സ് ലൈസൻസും അനുവദിച്ചുവരുന്നു. |
| (ബി) | ടിപ്പർ ലോറി കളുടെ സമയത്തിലുള്ള നിയന്ത്രണവും ഈ ലോറികളിൽ കൊ ണ്ടു വരുന്ന നിർമ്മാണ സാമഗ്രികൾ റവന്യൂ, പോലീസ് അധികാരികൾ ഇടപെട്ട് പിടിച്ചെടുക്കുന്നതും ഒട്ടേറെ ബുദ്ധിമുട്ടുകൾ നിർമ്മാണ മേഖലയിൽ ഉണ്ട ാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; നിർമ്മാണ മേഖലയിലും വ്യവസായ മേഖലയിലും ഉണ്ട ാ കു ന്ന ഈ പ്രശ്നങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട ാകാത്ത വിധം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. ഇത്തരം പ്രശ്നങ്ങൾ റവന്യൂ, ആഭ്യന്തര വകുപ്പുകളുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ